വി2-18103/12

നഗരകാര്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 27/10/2015
ഫോൺ 0471-2318896

## അനുബന്ധം എച്ച് 4
## നോട്ടീസ്

ശ്രീമതി.പി.ജിനകനകം കോഴിക്കോട് കോർപ്പറേഷനിൽ യു.ഡി ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയമന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റുമെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോയും കുറ്റപത്രം 16/07/13-ാം തീയതിയിലെ വി2-18103/12 നമ്പർ പ്രകാരമുള്ളത് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി 2/8/13 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജു മെമ്മോ വിതരണം ചെയ്യപ്പെടാതെ ടിയാൾ ഇന്ത്യ വിട്ടു എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുൻപ് നഗരകാര്യ ഡയറക്ടറേറ്റ്, നന്ദൻകോട്, തിരുവനന്തപുരം ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിൻമേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

എ.നിസാറുദീൻ
ഫിനാൻസ് ഓഫീസർ
നഗരകാര്യ ഡയറക്ടർ (ഇൻ ചാർജ്ജ്)

ശ്രീമതി.പി.ജിനകനകം, (യു.ഡി.സി കോഴിക്കോട് കോർപ്പറേഷൻ)
C/o.പി.സുരേന്ദ്രൻ
മധുര (Near Govt.Guest House)
വെസ്റ്റ് ഹിൽ.പി.ഒ
കോഴിക്കോട്-673 005